# ഭൂഗർഭ ജലസമ്പത്തും നിയമവശങ്ങളും

ഡോ. എൻ.എസ്. സോമൻ
സംഗ്രഹിത വിവർത്തനം: അഡ്വ. കെ. സുജിത്

**പ്ലാച്ചിമടയിലെ ജലമലിനീകരണത്തിന്റെയും അമിതജലചൂഷണത്തിന്റെയും പശ്ചാത്തലത്തിൽ ഉണ്ടായ കോടതിവിധികൾ പരിശോധിച്ച് പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കാനായി സമഗ്രമായൊരു നിയമനിർമ്മാണവും കർശനമായ നടപ്പാക്കലും അത്യാവശ്യമാണെന്ന് സൂചിപ്പിക്കുകയാണിവിടെ.**

ഈ ഭൂമിയിൽ ജലം സ്ഥിതി ചെയ്യുന്ന സ്രോതസ്സുകൾ വ്യത്യസ്തങ്ങളാണ്. ഉദാഹരണത്തിന് ഭൂമിയുടെ ഉപരിതലത്തിൽ കാണുന്ന നദികൾ, പുഴകൾ അതിന് താഴെ മണ്ണിലും അതിനും താഴെ പാറയിടുക്കുകളിലും സ്ഥിതി ചെയ്യുന്ന ഭൂഗർഭജലം.

ജലം ഭൂമിയിൽ സുലഭമായിരുന്നതിനാലും, ഭൂഗർഭജലം മനുഷ്യന്റെ നിയന്ത്രണങ്ങൾക്ക് അപ്രാപ്യമായിരുന്നതിനാലും ഭൂഗർഭജലത്തിന്റെ ഉപയോഗത്തെ നിയന്ത്രിക്കുന്നതിനുള്ള നിയമസംവിധാനം നിലനിന്നിരുന്നില്ല. ഒരു നൂറ്റാണ്ടുവരെ ഭൂഗർഭജലത്തിന്റെ ഉല്പാദനത്തേയും നിലനില്പിനേയും ഒഴുക്കിനേയും പറ്റി ഒരു പരിധിവരെ മനുഷ്യൻ അജ്ഞനായിരുന്നു. അതുകൊണ്ടുതന്നെ ഭൂമിക്കടിയിലെ ജലസമ്പത്ത് അതാത് ഭൂമിയുടെ ഉടമസ്ഥന്റെ പൂർണ്ണ അധികാരത്തിൽ കീഴിലായിരുന്നു. ഉടമസ്ഥന് അയാളുടെ ഭൂമിക്കടിയിലെ ജലത്തിന്റെ ഉപയോഗത്തിന്മേൽ യാതൊരുവിധ നിയമ നിയന്ത്രണങ്ങളും ഉണ്ടായിരുന്നില്ല. അത്തരം ഉപയോഗം മറ്റുള്ളവരുടെ ജലസ്രോതസ്സുകളെ ബാധിക്കുന്നതായാൽപോലും അത് നിയമസംവിധാനത്തിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായിരുന്നുല്ല, അല്ലെങ്കിൽ അത് അപ്രായോഗികമായി കണക്കാക്കപ്പെട്ടിരുന്നു. ഇതിന് കാരണമായി കോടതികളും പറഞ്ഞിരുന്നത് ജലം ഭൂമിക്കടിയിലേക്ക് അരിച്ചിറങ്ങുന്നതും, ഭൂമിക്കടിയിലൂടെയുള്ള അതിന്റെ ചലനങ്ങളും അനിർവ്വചനീയമായ പാതയിലൂടെയാണ് എന്നതായിരുന്നു.

ഇന്ന് മനുഷ്യൻ ജീവിക്കുന്നത് ശാസ്ത്രപുരോഗതിയുടെ കാലഘട്ടത്തിലാണ്. ഇന്ന് ഭൂമിക്കടിയിലെ വെള്ളത്തിന്റെ ഘടനയും നിലനിൽപ്പും അതിന്റെ അളവും ഗുണവും എല്ലാം ശാസ്ത്രത്തിന്റെ പഠന വിഷയങ്ങളാണ്. മനുഷ്യ സമൂഹത്തിന്റെ യുക്തിപൂർവ്വമല്ലാത്ത ചൂഷണം കാരണം ഭൂഗർഭജലത്തിന്റെ ലഭ്യതയിലും, ലഭ്യമായ ജലത്തിന്റെ ഗുണത്തിലും വളരെ ആപൽക്കരമായ വ്യത്യാസങ്ങൾ വന്നിരിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഈ ഒരു അവസ്ഥ വിരൽ ചൂണ്ടുന്നത് ഭൂഗർഭജലത്തിന്റെ അമിതചൂഷണം നിയമ വ്യവസ്ഥയുടെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരേണ്ട ആവശ്യകതയിലേക്കാണ്.

ഒരു രാജ്യത്തിലെ നിയമവ്യവസ്ഥ അവിടത്തെ സമൂഹത്തിൽ ഉരുത്തിരിഞ്ഞുവരുന്ന പുതിയ സാഹചര്യങ്ങളേയും വെല്ലുവിളികളേയും നേരിടുന്നതിനും പരിഹരിക്കുന്നതിനും പര്യാപ്തമാകേണ്ടിയിരിക്കുന്നു. നിയമത്തെ ഇങ്ങനെ പര്യാപ്തമാക്കുന്നതിൽ കോടതികൾക്ക് വ്യക്തമായ പങ്കുണ്ട്. ഉയർന്നുവരുന്ന പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് നിയമത്തെ വ്യാഖ്യാനിച്ച് നീതി നടപ്പാക്കുന്നതിൽ കോടതികൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയും. നിലവിലുള്ളതും തുടർന്നു പോകുന്നതുമായ നിയമ ആശയങ്ങൾ അനീതിയിൽ ചെന്നവസാനിക്കുമെങ്കിൽ അവയെ മാറ്റി ഉചിതമായവ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്.

ഉദാഹരണത്തിന് അമേരിക്കൻ കോടതികൾ കൊണ്ടുവന്ന ചില നിയമ ആശയങ്ങൾ ഭൂഗർഭജലത്തിന്റെ ഉപയോഗത്തെ സംബന്ധിച്ചിടത്തോളം നമുക്കും പിൻതുടരാവുന്നതാണ്. എന്തെന്നാൽ, ഭൂഗർഭജലം ആരുടെയും വ്യക്തിപരമായ അധികാരത്തിൻ കീഴിലല്ല. അവ എല്ലാവർക്കും ഉപയോഗിക്കുവാൻ വേണ്ടിയുള്ളതാണ്. പരിമിതമായ ഇത്തരം പ്രകൃതി സമ്പത്തുകളുടെ ഉപയോഗം ലഭ്യതയ്ക്ക് ആനുപാതികമായി യുക്തിപൂർവ്വമായിരിക്കണം (Doctrine of reasonable use). അതായത്, ഉടമസ്ഥന് അയാളുടെ ഭൂമിയിലെന്നപോലെ ഭൂഗർഭജലത്തിലും ഉണ്ടായിരുന്ന പരിപൂർണ്ണ അവകാശം പൊതു അവകാശത്തിന് വഴി മാറിക്കൊടുത്തു. ഒരു സമൂഹത്തിന്റെ പൊതു നന്മയ്ക്കായി വ്യക്തിയുടെ സ്വാതന്ത്ര്യവും അവകാശങ്ങളും നിയന്ത്രിക്കുന്നത് നിയമ വ്യവസ്ഥ നീതീകരിക്കുന്നു.

ഇത്തരം ആശയങ്ങളെല്ലാം തന്നെ ഭൂഗർഭജലത്തിന്മേൽ അതാത് ഭൂമിയുടെ ഉടമസ്ഥന് അവകാശം കൊടുക്കുന്നതോടൊപ്പം തന്നെ മറ്റുള്ളവർക്കും അതേ അവകാശം ഉണ്ടെന്ന് നിഷ്കർഷിക്കുന്നു. ആയതിനാൽ ഒരാളുടെ ഭൂമിയിലെ ജലത്തിന്റെ ഉപയോഗം മറ്റുള്ളവരുടെ സമാനമായ അവകാശത്തെ ഹനിക്കാനോ ബാധിക്കാനോ പാടില്ല. ഇത്തരത്തിലുള്ള ഒരു നിയന്ത്രണം ഇന്ത്യൻ നിയമവ്യവസ്ഥയിൽ കൊണ്ടുവരുന്നത് അഭികാമ്യമാണ്.

ഇത്തരം നിയന്ത്രണങ്ങൾ കോടതികൾ കൊണ്ടുവരുന്നതിനേക്കാൾ ഉത്തമം നിയമം മൂലം നടപ്പിൽവരുത്തുന്നതാണ്. നിയമത്തിന്റെ പിൻബലത്തോടെ നടപ്പിൽ വരുത്തുമ്പോൾ കൂടുതൽ ഫലവത്താകും. അതായത് ഭരണകൂടത്തിന്റെ ശക്തമായ ഇടപെടലുകൾ ആണ് പ്ലാച്ചിമട പോലുള്ള ഭൂഗർഭജലത്തിന്റെ അമിത ചൂഷണ പ്രശ്ന

ങ്ങൾക്കുള്ള ശാശ്വത പരിഹാരം.

ശുദ്ധജലം എന്നത് ഓരോ വ്യക്തിയുടെയും ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണ്. ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 21-ലൂടെ ഇത് ഉറപ്പുനൽകുന്നു. അതായത് അമിത ജലചൂഷണം ജീവിക്കാനുള്ള അവകാശത്തിന്റെ പ്രത്യക്ഷത്തിൽ തന്നെയുള്ള ലംഘനമായിരിക്കും. കേരള ഹൈക്കോടതി ആറ്റക്കോൾ തങ്ങൾ കേസിൽ ഇത് വ്യക്തമായി നിഷ്കർഷിക്കുന്നു. പക്ഷെ ഇത്തരം ഭരണഘടനാവകാശങ്ങൾ ഭരണകൂടത്തിന്റെ ഇടപെടലുകൾക്കെതിരെ മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. അതായത് ഏതെങ്കിലും ഒരു സ്വകാര്യ വ്യക്തിയുടെ അമിത ജലചൂഷണത്തിനെതിരെ ഭരണഘടനാ ഉറപ്പുതരുന്ന മൗലിക അവകാശങ്ങളുടെ ബലത്തിൽ കോടതികളെ സമീപിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ട്. ആയതുകൊണ്ട് തന്നെ ഇത്തരം പരിമിതികളെല്ലാം ഒരു സമ്പൂർണ്ണ നിയമത്തിലൂടെ മാത്രമേ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഭൂഗർഭജലം ഒരു പൊതുസ്വത്താണെന്നും, അതിന്റെ ഉപയോഗത്തിൽ പൊതുതാല്പര്യം അടങ്ങിയിട്ടുണ്ടെന്നും, അതിനാൽ അതിന്റെ ഉപയോഗം യുക്തിപൂർവ്വവും (reasonable use) മുൻഗണനാ ക്രമത്തിലുള്ളതും (preferential use) ആയിരിക്കണം എന്നും നിഷ്കർഷിക്കുന്ന നിയമമാണ് ആവശ്യം. ഭൂഗർഭജലം അടക്കമുള്ള പ്രകൃതിസമ്പത്തുകളുടെ സംരക്ഷണം ഉറപ്പാക്കുന്ന സിദ്ധാന്തമാണ് പബ്ലിക് ട്രസ്റ്റ് ഡോക്ട്രീൻ. അതായത്, പ്രകൃതി സമ്പത്ത് പൊതു സ്വത്താണെന്നും ഭരണകൂടം അതിന്റെ സൂക്ഷിപ്പുകാരൻ മാത്രമാണെന്നും ഈ സിദ്ധാന്തം നിഷ്കർഷിക്കുന്നു. പ്രകൃതി സമ്പത്ത് ഇന്നത്തെ തലമുറയ്ക്ക് വേണ്ടി യുക്തിപൂർവ്വം ഉപയോഗിക്കുകയും ഭാവി തലമുറയ്ക്ക് വേണ്ടി സംരക്ഷിക്കുകയും ആണ് ഭരണകൂടത്തിന്റെ ചുമതല. പ്രസിദ്ധമായ എം.സി. മേഹ്ത കേസിലൂടെ ഈ സിദ്ധാന്തത്തെ സുപ്രീം കോടതി ഇന്ത്യൻ നിയമവ്യവസ്ഥയുടെ ഭാഗമാക്കി. പക്ഷെ, ഈ സിദ്ധാന്തം സർക്കാർ ഉടമസ്ഥതയിലുള്ള പ്രകൃതി സമ്പത്തുകളുടെ കാര്യത്തിൽ മാത്രമേ പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ എന്നത് ഒരു സാങ്കേതിക തടസ്സമായി നിലനിൽക്കുന്നു. അതായത്, സർക്കാരിന്റേയും മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെയും കീഴിൽവരുന്ന പൊതു താല്പര്യത്തിൽ സംരക്ഷിക്കപ്പെടേണ്ട പ്രകൃതി സമ്പത്തുകളുടെ കാര്യത്തിൽ മാത്രമേ ഈ സിദ്ധാന്തം ബാധകമാകുന്നുള്ളൂ. സ്വകാര്യ വ്യക്തികളുടെ കീഴിൽ വരുന്ന ഭൂമിക്കും അതിലെ പ്രകൃതി സമ്പത്തിനും ഇത് ബാധകമല്ല. പക്ഷെ എം.പി. രാംബാബു കേസിൽ ആന്ധ്രാപ്രദേശ് ഹൈക്കോടതി ഇതിൽനിന്നും വ്യത്യസ്തമായ നിലപാടെടുത്തിട്ടുണ്ട്. ഭൂഗർഭ ജലം പൊതു താല്പര്യത്തിൽ പെട്ടതാണെന്നും അതിന്റെ മേൽനോട്ടം ഭരണകൂടത്തിൽ നിക്ഷിപ്തമാണെന്നും മേൽപറഞ്ഞ കേസിൽ കോടതി പ്രസ്താവിക്കുന്നു. ഭൂമിയുടെ ഉടമസ്ഥന് അയാളുടെ ഭൂമിയിലെ ഭൂഗർഭജലം മറ്റുള്ളവർക്ക് ഹാനികരമാകുന്ന തരത്തിൽ ഉപയോഗിക്കാതിരിക്കാനുള്ള ബാധ്യതയുണ്ട്.

ഇതേ സമീപനം തന്നെയാണ് പ്ലാച്ചിമട കേസിൽ (പെരുമാട്ടി ഗ്രാമപഞ്ചായത്ത് വി. സ്റ്റേറ്റ് ഓഫ് കേരള) സിംഗിൾ ബെഞ്ച് സ്വീകരിച്ചത്. എം.സി. മേഹ്ത കേസിൽ സുപ്രീം കോടതി കൊണ്ടുവന്ന പബ്ലിക് ട്രസ്റ്റ് ഡോക്ട്രിൻ, ഈ കേസിൽ കേരള ഹൈക്കോടതിയും ഉപയോഗിച്ചു. സ്വകാര്യ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്തെ ഭൂഗർഭജലം ആയാൽ പോലും അതിന്റെ ഉപയോഗം പൊതുതാല്പര്യം കണക്കിലെടുത്ത് അത് നിയന്ത്രണത്തിന് വിധേയമാണ്. ഇന്ത്യൻ ഭരണഘടനയും പഞ്ചായത്തീരാജ് ആക്ടും പ്രകാരം ഭൂഗർഭജലത്തിന്റെ അമിത ചൂഷണം തടയാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിലും അതാത് പഞ്ചായത്തുകളിലും നിക്ഷിപ്തമാണ്. ഭൂഗർഭ ജലത്തിന്റെ അമിത ചൂഷണം തടയുന്നതിൽ സർക്കാരിന്റെ നിഷ്ക്രിയത്വം ഭരണഘടന ഉറപ്പുതരുന്ന മൗലിക അവകാശങ്ങളുടെ പ്രത്യക്ഷത്തിലുള്ള ലംഘനമാണെന്നും സിംഗിൾ ബെഞ്ച് പ്രസ്താവിക്കുന്നു.

ഒരു സ്വകാര്യ വ്യക്തിക്ക് അയാളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ ഭൂഗർഭജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്ന ഒരു നിയമവും നിലവിലില്ല എന്നുള്ളതും മറിച്ച് അത് ഏത് തരത്തിലും ഉപയോഗിക്കാനുള്ള അവകാശം ഉണ്ടെന്നും ഉള്ള വസ്തുത നിരാകരിച്ചു എന്നുള്ളതാണ് സിംഗിൾ ബെഞ്ച് വിധിയിലെ ന്യൂനതയായി ചൂണ്ടിക്കാണിക്കാനുള്ളത്. ഇതേ കാരണത്താൽ തന്നെയാണ് പിന്നീട് ഡിവിഷൻ ബെഞ്ച് സിംഗിൾ ബെഞ്ച് വിധിയെ മറികടന്നത്.

നിലവിലുള്ള നിയമം ഒരു സ്വകാര്യ വ്യക്തിയെ അയാളുടെ ഭൂമിയിലെ ഭൂഗർഭജലം ഏതു തരത്തിലും ഉപയോഗിക്കാനുള്ള അവകാശവും അധികാരവും നിലനിൽക്കുന്നു. ഈ അവകാശത്തെ നിയന്ത്രിക്കാൻ ഒരു വ്യക്തമായ നിയമം ഇല്ലാത്ത അവസരത്തിൽ കോടതി കെട്ടിപ്പടുത്ത ചില അവ്യക്തമായ ആശയങ്ങളുടെ പുറത്ത് നിലവിൽ നിയമം നൽകിയ അവകാശങ്ങൾ എടുത്തു കളയുന്നതോ നിയന്ത്രിക്കുന്നതോ അനുവദനീയമല്ല എന്നും, അനീതി ആണെന്നും ഡിവിഷൻ ബെഞ്ച് നിഷ്കർഷിച്ചു. അതോടൊപ്പം തന്നെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ ഭൂഗർഭജലത്തിന്മേലുള്ള പഞ്ചായത്തിന്റെ അവകാശങ്ങളും അധികാരങ്ങളും ഡിവിഷൻ ബെഞ്ച് നിരാകരിച്ചു.

ഡിവിഷൻ ബെഞ്ച് വിധിയിലൂടെ വ്യക്തിക്ക് സ്വകാര്യ സ്വത്തിന്മേലുള്ള പരിപൂർണ്ണ അവകാശം സ്ഥാപിച്ചുകിട്ടി. സാങ്കേതികമായ ഇട സമീപനത്തിൽ യാതൊരു തെറ്റുമില്ല. പക്ഷെ, പുതുതായി ഉയർന്നുവരുന്ന സാമൂഹ്യ സാഹചര്യങ്ങളെയും ആവശ്യങ്ങളേയും സംതൃപ്തിപ്പെടുത്താനും സാമൂഹ്യ പ്രശ്നങ്ങളെ പരിഹരിക്കാനും അതുവഴി സാമൂഹ്യനീതി നടപ്പിലാക്കാനും ഉള്ള ഒരു ഉപകരണമായി നിയമത്തെ ഉപയോഗിച്ച് പുതിയ ആശയങ്ങളും സിദ്ധാന്തങ്ങളും രൂപപ്പെടുത്താനുള്ള ഒരു നല്ല അവസരം ഉപയോഗിക്കുന്നതിൽ ഡിവിഷൻ ബെഞ്ച് പരാജയപ്പെട്ടു എന്നത് നിർഭാഗ്യകരമാണ്.

ഡിവിഷൻ ബെഞ്ച് വിധി പ്രത്യക്ഷത്തിൽ സ്വകാരം വ്യക്തികൾക്ക് ഭൂഗർഭജലത്തിന്മേലുള്ള അവകാശം സ്ഥാപിക്കുന്നുണ്ടെങ്കിലും വരികൾക്കിടയിലൂടെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ വിധിന്യായത്തിൽ ചില വൈരുദ്ധ്യങ്ങളും അതോടൊപ്പം കോടതിക്ക് തന്നെയുള്ള ചില അതൃപ്തികളും നമുക്ക് അനുമാനിക്കാം. ഡിവിഷൻ ബെഞ്ച് കൊക്കക്കോള കമ്പനിക്ക് നൽകുന്നത് പഞ്ചായത്തിന്റെ മുൻകൂർ സമ്മതം ഇല്ലാതെ 'യുക്തിയുക്തമായ' രീതിയിൽ ഭൂഗർഭജലം ഉപയോഗിക്കാനുള്ള അവകാശമാണ്.

(പേജ് 22 ൽ തുടർച്ച)

ഗ്രൗണ്ട് വാട്ടർ ഫ്ളോ ഡയറക്ഷൻ മനസ്സിലാവുന്നതോടെ കൂടുതൽ കിണറുകൾ നിർണ്ണയിക്കാവുന്നതാണ്.

5. കിണറുകളുടെ സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം രേഖപ്പെടുത്തണം.

6. ഭൂപടം തയ്യാറാക്കണം. കമ്പനി പരിചരിച്ച ജലം ഒഴുക്കുന്ന സ്ഥലം, നിരീക്ഷണ കിണറുകൾ, നീരുറവകൾ, തോടുകൾ, നദികൾ ... മുതലായവ രേഖപ്പെടുത്തണം.

7. എല്ലാമാസവും നിശ്ചിത ദിവസങ്ങളിൽ (മെയ് 5, 6 ജൂൺ 5, 6 എന്നിങ്ങനെ) ജലനിരപ്പ് അളക്കുകയും ജലത്തിന്റെ സാംപിളുകൾ ശേഖരിക്കുകയും വേണം)

8. സാംപിളുകൾ ഗുണനിലവാരമുള്ള, വിശ്വസ്ത സ്ഥാപനങ്ങളിൽ പരിശോധനയ്ക്കു നൽകണം. വേണമെങ്കിൽ വിദേശത്തും പരിശോധനയ്ക്കുള്ള സംവിധാനമുണ്ടാക്കണം.

9. പരിശോധനാ വിവരങ്ങൾ ഒരു കമ്മിറ്റി രേഖപ്പെടുത്തണം. തുലനം ചെയ്യണം. മൂന്നു സ്ഥാപനങ്ങളിൽ ഒന്നിന്റെ റിപ്പോർട്ടുമാത്രം വ്യത്യസ്തമെങ്കിൽ ആ സ്ഥാപനത്തിന്റെ വിശ്വാസ്യത പരിശോധിക്കണം.

10. കുടിവെള്ളത്തിലെ മാലിന്യങ്ങൾ അനുവദനീയമായ പരിധിക്കുള്ളിലാണ് എന്നു പറയുന്ന ഉദ്യോഗസ്ഥന്മാരെക്കൊണ്ട് ആ വെള്ളം കുടിപ്പിക്കണം. കമ്പനി അധികൃതരെക്കൊണ്ടും ഇതു ചെയ്യിക്കാൻ ശ്രമിക്കണം.

11. ഖരമാലിന്യ നിക്ഷേപം (അടിയിൽ കോൺക്രീറ്റ് ചെയ്യാത്ത കുഴികളിലാണ് നിക്ഷേപിക്കുന്നതെങ്കിൽ) നടത്തുന്ന സ്ഥലത്തുനിന്നും 25, 50, 100, 300, 500, 1000, 2000 മീറ്റർ ദൂരത്തുനിന്നും മണ്ണിന്റെ സാംപിളുകൾ ശേഖരിക്കണം. ഗ്രൗണ്ട് വാട്ടർ ഫ്ളോ ഡയറക്ഷനിൽ ആണ് ഇതു ചെയ്യേണ്ടത്. സാംപിളുകൾ പരിശോധിക്കണം.

12. മുകളിൽ പറഞ്ഞ രീതിയിൽ പരിചരിച്ച നിർഗമന ജലത്തിന്റെ ഫ്ളോ ഡയറക്ഷനിലും മണ്ണിന്റെ സാംപിളുകൾ ശേഖരിക്കുകയും പരിശോധിക്കുകയും വേണം.

13. കമ്പനിക്കുപുറത്തേയ്ക്ക് മലിനജലം വിടാതെ കമ്പനി പ്രവർത്തിപ്പിക്കാം എന്ന പഞ്ചായത്തിന്റെ വ്യവസ്ഥയിൽ മാറ്റം വരുത്തണം. അകത്തായാലും പുറത്തായാലും കാലക്രമേണ ഫലം ഒന്നുതന്നെയാവും. മതിൽക്കെട്ടുകൾ ഭൂഗർഭജലത്തിന്റെ ഒഴുക്കിനു തടസ്സമല്ലല്ലോ.

14. പരിചരിച്ച നിർഗമനജലത്തിലെ മാലിന്യങ്ങളുടെ 'അനുവദനീയമായ' പരിധിയിൽനിന്നും 'അഭിലഷണീയമായ' പരിധിയിലേക്കു കൊണ്ടുവരണം. വലിയ മണൽ അരിപ്പകൾ വഴി ഈ ജലം കടത്തിവിട്ടാൽ ഇതു സാധ്യമാകും. അങ്ങനെ ലഭിക്കുന്ന ഖരമാലിന്യങ്ങൾ കോൺക്രീറ്റ് അടിത്തറയുള്ള ടാങ്കുകളിൽ നിക്ഷേപിക്കണം. ഈ പിന്നീടെന്തു ചെയ്യും എന്നു പരിശോധിപ്പെടേണ്ടതാണ്.

ഈ നിർദ്ദേശങ്ങളിൽ ഏതാനും ചിലത് ഒഴിച്ച് മറ്റെല്ലാം ഇപ്പോഴത്തെ അവസ്ഥയിലും (കമ്പനി പ്രവർത്തിക്കുന്ന അവസ്ഥയിലും) ചെയ്യാവുന്നതാണ്. അടിയന്തരമായി ചെയ്യേണ്ടതുമാണ്. കാരണം മലിനീകരണം സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. അതിന്റെ അളവും തോതും മനസ്സിലാക്കിയാൽ മാത്രമേ പ്രതിവിധികളിലേയ്ക്കും നഷ്ടപരിഹാരത്തിനുമുള്ള മാർഗ്ഗങ്ങളിലേയ്ക്കും എത്താൻ കഴിയൂ.

*44/167, സി.കെ. ലെയിൻ, എസ്.ആർ.എം. റോഡ്, കലൂർ, കൊച്ചി-18*

## ജലസമ്പത്തും നിയമവശങ്ങളും

(16-ാം പേജിൽനിന്ന് തുടർച്ച)

'യുക്തിയുക്തമായ' (reasonable limit) എന്ന വാക്ക് തന്നെ സ്വകാര്യവ്യക്തികളുടെ അവകാശത്തിൻമേലുള്ള നിയന്ത്രണമാണ്. തുടർന്നുള്ള വിധിന്യായത്തിൽ പ്ലാച്ചിമടയിലെ തദ്ദേശീയ വാസികൾക്ക് കുടിവെള്ളം എത്തിക്കുന്നതിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കമ്പനി മുൻകൈ എടുക്കണം എന്നും പ്രസ്താവിക്കുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് സ്വകാര്യവ്യക്തികൾക്കും കമ്പനികൾക്കും ഭൂഗർഭജലത്തിന്മേലുള്ള പരിപൂർണ്ണ അവകാശം നൽകുന്നതിൽ കോടതിക്ക് തന്നെ അതൃപ്തിയും അവ്യക്തതയും ആശങ്കയും ഉണ്ടെന്നുള്ളതാണ്.

ഇത്തരം അവ്യക്തതകൾക്കുള്ള പരിഹാരം വ്യക്തമായ നിയമം ആണ്. കേരളത്തിൽ അത്തരം ഒരു നിയമം ഉണ്ടെങ്കിലും നിർഭാഗ്യവശാൽ നിലവിലുള്ള കേസിൽ അത് ബാധകമല്ല. ഈ കേസിനെ സംബന്ധിച്ചിടത്തോളം പുതുതായി ഉരുത്തിരിഞ്ഞു വന്നിട്ടുള്ള മനുഷ്യാവകാശങ്ങളേയും പരിസ്ഥിതിവാദ ന്യായങ്ങളേയും മുൻനിർത്തി സുപ്രീം കോടതി രൂപപ്പെടുത്തിയേക്കാവുന്ന ആശയങ്ങളും സിദ്ധാന്തങ്ങളും ആണ്.

മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളെയും സംബന്ധിച്ചിടത്തോളം ശുദ്ധജലത്തിനുള്ള അവകാശം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഇതിന്റെ മുൻഗണന പ്രത്യേകിച്ച് ഒരു നിയമം വഴി സ്ഥാപിക്കേണ്ട ആവശ്യം തന്നെയില്ല. എന്നിരുന്നാലും പുതുതായി ഉയർന്നു വരുന്ന മനുഷ്യന്റെ വ്യത്യസ്തങ്ങളായ ആവശ്യങ്ങളും ആഡംബരങ്ങളും മുൻനിർത്തി, നിലവിലുള്ള നിയമങ്ങൾ കൃത്യമായ ഒരു മുൻഗണനാക്രമം കൊണ്ടുവരിക എന്നുള്ളതാണ് പ്ലാച്ചിമട ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള മാർഗ്ഗം.

*സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്,*
*കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല,*
*കളമശ്ശേരി, എറണാകുളം*

books | magazines | periodicals
BYWORD
BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577
for rare and new books

ദയവായി വരിസംഖ്യ ഉടൻതന്നെ പുതുക്കൂ
കേരളീയം വരിസംഖ്യാനിരക്ക്
12 ലക്കം 180 രൂപ
എം.ഒ./ഡിഡി/പി.ഒ./ചെക്ക് അയയ്ക്കുക
കേരളീയം
കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 0480-2720144, 9447674375